ഉത്തരം

(എ) മണ്ണാർക്കാട്-കുന്തിപ്പുഴ ജലസേചന പദ്ധതിയെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ നെൽകൃഷിക്കാർക്ക് ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള നടപടി

52 (2330) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുമരംപുത്തൂരിലെ മൈലാംപാടത്ത്, തിരിതോട്, അരിയൂർതോട്ടിൽ ലയിപ്പിച്ച് കുമരംപുത്തൂർ കോട്ടോപ്പാടം പഞ്ചായത്തുകളിലെ നെൽകൃഷിക്കാർക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മലങ്കര പദ്ധതി

53 (2331) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ 'മലങ്കര തെക്കുംഭാഗം' റോഡ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നാണ് ടെണ്ടർ ചെയ്തത് ;

(ബി) ആരാണ് കരാർ ഏറ്റെടുത്തിരുന്നത് ;

(സി) പണിപൂർത്തിയാക്കാൻ കഴിയാതെ വന്നതിനെക്കുറിച്ച് നല്കിയ പരാതിയെ തുടർന്ന് 'റിസ്ക് ആന്റ് കോസ്റ്റ്'-ൽ വർക്ക് ടെർമിനേറ്റ് ചെയ്യാൻ മന്ത്രിതലത്തിൽ തീരുമാനം എടുത്തിട്ടും ഇതേവരെ റോഡ് പണിയാരംഭിക്കാൻ കഴിയാത്തതിനെക്കുറിച്ച് വിശദീകരണം നല്കുമോ ;

(ഡി) പണി എന്ന് തീർക്കാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മലങ്കര പദ്ധതിയുടെ കനാലുകൾ കൂത്താട്ടുകുളം ഭാഗത്തും മറ്റ് സ്ഥലങ്ങളിലും ഉപരിതല റോഡുകൾ ടാർ ചെയ്തിട്ടും കനാലുകളുടെ തുടക്കസ്ഥലങ്ങളിലെ 'വലതുകര കനാലിന്റെയും ഇടതുകര കനാലിന്റെയും' ഇരു സൈഡുകളും ടെണ്ടർ ചെയ്യാത്തതിനെക്കുറിച്ച് അന്വേഷിച്ച് അടിയന്തിരമായി ടാർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) മലങ്കര പദ്ധതിയുടെ എത്രമാത്രം വർക്കുകൾ ഇനിയും തൊടുപുഴ മേഖലയിൽ പണി തീരാൻ ഉണ്ടെന്നും എന്ന് പണി പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 23-6-1999-ൽ ആണ് ടെണ്ടർ ചെയ്തത്.

(ബി) ശ്രീ. പി. സെയ്ത് മുഹമ്മദ് റാവുത്തർ, മുളയ്ക്കൽ വീട്, മൂവാറ്റുപുഴ എന്ന ആളാണ് കരാർ ഏറ്റെടുത്തിരുന്നത്.

(സി) റിസ്ക് ആന്റ് കോസ്റ്റിൽ 4-6-2003-ൽ ടെർമിനേറ്റ് ചെയ്തതിനുശേഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി. ഡിവിഷൻ നം-1, തൊടുപുഴ ടെണ്ടർ വിളിക്കുകയും 2003 ആഗസ്റ്റ് 13-ന് ടെണ്ടർ തീയതി നിശ്ചയിക്കുകയും ചെയ്തിരിക്കുകയാണ്.

(ഡി) 2004 മാർച്ച് 31-ന് മുമ്പ് പണി തീർക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഇടതുകര കനാലിന്റെയും വലതുകര കനാലിന്റെയും തുടക്കത്തിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പണി ടെണ്ടർ ചെയ്യുകയും പണികൾ പുരോഗമിച്ചു വരുകയുമാണ്. ബാക്കിയുള്ള പണികൾ ഈ വർഷത്തെ (2003-04) ആക്ഷൻ പ്ലാനിൽപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടെണ്ടർ ചെയ്തു നടപ്പിലാക്കാവുന്നതാണ്.

(എഫ്) വലതുകര കനാലിന്റെ ചെയിനേജ് 11.00 കി.മീ. മുതൽ 12.00 കി.മീ. വരെയും 12.00 കി.മീ. മുതൽ 13.00 കി.മീ. വരെയുമുള്ള പണികൾ അവസാനഘട്ടത്തിലാണ്. ഈ പണികൾ 2004 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

വല്ല്യമടക്കുഴി ജലസേചന പദ്ധതി

54 (2332) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കവണാറ്റിൻകര, വിരുപ്പുകാലാചീപ്പുങ്കൽ, കരിമഠം തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള വല്യമടക്കുഴി ജലസേചനപദ്ധതിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വൈള്ളത്തിന്റെ സാമ്പിൾ പരിശോധനയിൽ രോഗകാരണമായ ഘടകങ്ങൾ കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly